# വിജയദശമി

തിന്മയ്ക്കെതിരെ നന്മ വിജയംവരിച്ച സുദിനമാണ് വിജയദശമി. നായർസമുദായം അവഗണിക്കപ്പെട്ടപ്പോൾ അതിനെതിരെയുള്ള കാഹളം മുഴങ്ങിയതും ആ സുദിനത്തിലാണ്. 1913 ഒക്ടോബർ 6-ാം തീയതി നടന്ന ശ്രീമൂലംതിരുനാൾ ആഘോഷത്തിൽ വച്ചാണ് നായർസമുദായം അവഗണിക്കപ്പെടാനിടയായത്. അപമാനം സഹിക്കവയ്യാതെ മന്നത്തുപത്മനാഭൻ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോന്നു. അവിടെ കൂടിയിരുന്ന നായന്മാർ ഒന്നൊഴിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അന്നു രാത്രിയിൽതന്നെ അവർ പെരുന്ന കരയോഗമന്ദിരത്തിൽ എത്തി യോഗം ചേരുകയും തൊട്ടടുത്ത വിജയദശമിദിനത്തിൽ പ്രത്യേക മായി തിരുനാളാഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ആ കൊല്ലത്തെ വിജയദശമി ദി നത്തിൽ (9.10.1913) ശ്രീമൂലംതിരുനാൾ ആഘോഷം കരയോഗമന്ദിരത്തിൽവച്ച് ഐശ്വര്യപൂർണ്ണമായി കൊണ്ടാടി.

ആ യോഗത്തിൽവച്ചാണ് ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം എന്ന സംഘടന രൂപം കൊണ്ടത്. അതിന്റെ വാർഷികമായിട്ടാണ് ചങ്ങനാശ്ശേരി താലൂക്ക് യൂണിയന്റെ ആഭിമുഖ്യത്തിൽ വിജയദശമിനായർമഹാസമ്മേളനം എല്ലാവർഷവും വിജയദശമിനാളിൽ നാം നടത്തിവരുന്നത്. ഈ വർഷത്തെ വിജയദശമിദിനം ഒക്ടോബർ 13-ന് ആണ്.

തുടർനടപടി എന്ന നിലയിലാണ് 1914 ഒക്ടോബർ 31-ന് മന്നത്തുപത്മനാഭനും സഹപ്രവർത്ത കരായ 13 പേരും ചേർന്ന് മന്നത്തു പത്മനാഭന്റെ മനസ്വിനിയായ മാതാവ് കൊളുത്തിവച്ച ഭദ്രദീപത്തിനു മുൻപിൽ 14 പേർകൂടി പ്രതിജ്ഞയെടുത്ത് നായർസമുദായ ഭൃത്യജനസംഘത്തിന് രൂപംനല്കിയത്.

## പ്രതിജ്ഞ

**ഞാൻ നായർസമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും**
**പരിശ്രമിക്കുകയും ചെയ്യും.**
**അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതരസമുദായങ്ങൾക്ക് ക്ഷോഭകരമായ**
**യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല.**
**ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ട**
**ന്യായമായ കരുതലോടുകൂടിയും**
**ഞാൻ ജീവിച്ചുകൊള്ളാം.**

**സത്യം, സത്യം, സത്യം.**

സമുദായാംഗങ്ങൾ ഈ പ്രതിജ്ഞ വർഷംതോറും പുതുക്കിയാണ് അവരുടെ പ്രവർത്തനം തുടരുന്നത്.